**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിന്റെ അവതരണത്തിനെതിരെ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഉന്നയിച്ചത് ഈ ബില്ലിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയ്ക്കും പബ്ലിക് ഓർഡറിനും വിരുദ്ധമാണെന്നാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച വിഷയങ്ങളൊക്കെത്തന്നെ ബില്ലിന്റെ ഉള്ളടക്കത്തിൽ വന്നുചേർന്നിട്ടുള്ളതായി പറയപ്പെടുന്ന വൈരുദ്ധ്യങ്ങളെ സംബന്ധിച്ചുള്ളതാണ്. അതുപോലെ ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നത്തിലും ബില്ലിന്റെ വകുപ്പുകളിൽ ഉളവായിട്ടുള്ള വ്യക്തതക്കുറവിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അതോടൊപ്പം ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിന്റെ അവസ്ഥയെ സംബന്ധിച്ചും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിലും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടം പൂർണ്ണമല്ലെന്നും ബിൽ അന്തിമമായി പാസ്സാക്കുന്നതിനു മുമ്പായി പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യേണ്ടതാണെന്നും സൂചിപ്പിക്കുകയുണ്ടായി.

ഇവിടെ ഉന്നയിക്കപ്പെട്ട പൊതുവായ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി.

ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങളിന്മേൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ചെയർ പരിശോധിക്കുകയുണ്ടായി. ഒരു നിയമനിർമ്മാണ പ്രൊപ്പോസൽ എന്ന നിലയിൽ ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിൽ പ്രധാനമായും ക്രമപ്രശ്നങ്ങളായോ തടസ്സവാദമായോ ഉന്നയിക്കാറുള്ളത് പ്രസ്തുത ബിൽ പരിഗണിക്കുവാൻ ഈ സഭയ്ക്ക് ഭരണഘടനാപരമായ അധികാരം ഉണ്ടോയെന്നും ബില്ലിന്റെ ഘടനയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഘടകങ്ങൾ ചേർത്തിട്ടുണ്ടോയെന്നും അവ പര്യാപ്തമാണോ എന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള വസ്തുതകളാണ്. മറ്റു കാര്യങ്ങളൊക്കെത്തന്നെ ബില്ലിന്റെ വിശദമായ പരിഗണനാ വേളയിൽ ബന്ധപ്പെട്ട കമ്മിറ്റി തലത്തിലും പിന്നീട് സഭാ തലത്തിലും വിശദമായി പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുക എന്നതാണ് നമ്മുടെ സഭയിലെ കീഴ്വഴക്കവും നടപടിക്രമവും. അതുകൊണ്ടുതന്നെ ബില്ലിന്റെ അവതരണവേളയിൽ അതിലെ ഉള്ളടക്കത്തെക്കുറിച്ച് ഉന്നയിച്ച ക്രമപ്രശ്നങ്ങൾ ഒന്നുംതന്നെ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

എന്നാൽ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ചെയർ ആഗ്രഹിക്കുന്നു. ബില്ലിൽ അവശ്യം ചേർത്തിരിക്കേണ്ട ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് സഭയിൽ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങളിൽ വ്യത്യസ്തങ്ങളായ ഒട്ടനവധി റൂളിംഗുകൾ എന്റെ മുൻഗാമികളിൽനിന്നും ഉണ്ടായിട്ടുണ്ട്. ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലെങ്കിലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചർ പറഞ്ഞില്ലെങ്കിലും ബില്ലിന്റെ അവതരണം ഓർഡറിലാണെന്ന് 1988 ജൂൺ 20-ാം തീയതിയിൽ ഈ സഭയിൽ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതുപോലെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ബില്ലിൽ റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്ന് 1996 സെപ്റ്റംബർ 6, 1998 ഏപ്രിൽ 1 എന്നീ തീയതികളിലും റൂളിംഗ് ഉണ്ടായിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ഈ അടുത്ത കാലത്തായി നാം സ്വീകരിച്ചു വരുന്നത് ബില്ലിന് രൂപം നൽകുമ്പോൾത്തന്നെ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും

അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് വ്യക്തതയോടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർക്കുക എന്ന രീതിയാണ്.

ഈ സഭ ഏറ്റവും ഒടുവിൽ പാസ്സാക്കിയ സർവ്വകലാശാല നിയമമായ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായും ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു എന്ന് കാണാവുന്നതാണ്. ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് അത്തരം മാതൃക സ്വീകരിക്കുന്നതായിരിക്കും ഉചിതം എന്ന് അറിയിക്കുന്നു. തടസ്സവാദങ്ങൾ തള്ളിയിരിക്കുന്നു. ബില്ലിന് അവതരണാനുമതി നൽകുന്നു.